21283
28/12/16

കേരള സർക്കാർ

പാ.കാ.വ-ബി1/168/2016-പാ.കാ.വ

പാർലമെന്ററികാര്യ (ബി) വകുപ്പ്

തിരുവനന്തപുരം

തീയതി : 16 .12..2016

## സർക്കുലർ

വിഷയം : പാ.കാ.വ - നിയമസഭയിൽ സർക്കാർ നൽകിയ ഉറപ്പുകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ചട്ടം 303 പ്രകാരം ശ്രീ. എം. ഉമ്മർ എം. എൽ.എ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്- സർക്കുലർ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന : 1 ഈ വകുപ്പിന്റെ 6/5/2013 തീയതിയിലെ 617/ബി1/2005 പാ.കാ.വ, 12/11/2014 തീയതിയിലെ 841/ബി1/2014/പാ.കാ.വ, 18/5/2016 തീയതിയിലെ പി.എ.ഡി ബി1/23/2016-പി.എ.ഡി നമ്പർ സർക്കുലറുകൾ

2 20.08.2016 തീയതിയിലെ നിയമസഭാ സെക്രട്ടറിയുടെ 3037/ക്യൂ.എൻ.ബി2/2016/നി.സെ. നമ്പർ കത്ത്

നിയമസഭാതലത്തിൽ സർക്കാർ നൽകിയ ഉറപ്പുകളിന്മേലും ഉറപ്പുകൾ സംബന്ധിച്ച സമിതി പരിഗണിച്ച് സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും യഥാസമയം നടപടി സ്വീകരിക്കുന്നില്ല എന്ന് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട എം,.എൽ.എ ശ്രീ. എം. ഉമ്മർ നിയമസഭയിൽ ക്രമപ്രശ്നം ഉന്നയിച്ചിരുന്നു.

ആയതിന്, ഉറപ്പുകളിൻമേലും ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും സർക്കാർ നടപടികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ടെന്നും, സഭാതലത്തിൽ സർക്കാർ നൽകുന്ന ഉറപ്പുകളിന്മേലും ഉറപ്പുകൾ സംബന്ധിച്ച സമിതി നൽകുന്ന ശിപാർശകളിന്മേലും സർക്കാർ വകുപ്പുകൾ യഥാസമയം നടപടി സ്വീകരിക്കാതിരിക്കുന്ന പക്ഷം ആയതിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടത് ഉറപ്പുകൾ സംബന്ധിച്ച സമിതി തന്നെയാണ് എന്നും അതിന് ആവശ്യമായ കർക്കശ നടപടികൾ സ്വീകരിക്കുവാനുള്ള എല്ലാ അധികാരങ്ങളും ചട്ടപ്രകാരം പ്രസ്തുത സമിതിയ്ക്കുണ്ട് എന്ന കാര്യവും ചെയർ ഓർമ്മിപ്പിക്കുകയും, 14-ാം കേരള

നിയമസഭയിൽ രൂപീകരിക്കാനിരിക്കുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്നും, സഭയിൽ ഉണ്ടാകാവുന്ന ഉറപ്പുകൾ സംബന്ധിച്ചും, മുൻ സഭകളിലെ പൂർത്തികരിക്കാത്ത ഉറപ്പുകൾ സംബന്ധിച്ചുമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ പ്രസ്തുത സമിതി കൈക്കൊള്ളണമെന്നും സർക്കാരിന്റെ വിവിധ വകുപ്പുകൾ സമിതിയുടെ പ്രവർത്തനവുമായി സഹകരിക്കണമെന്നും ചെയർ റൂൾ ചെയ്യുകയുണ്ടായി. കൂടാതെ പതിമൂന്നാം കേരള നിയമസഭയിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ കാര്യക്ഷമമായ പ്രവർത്തന ഫലമായി പത്താം കേരള നിയമസഭ വരെയുള്ള ഉറപ്പുകൾ സംബന്ധിച്ച എല്ലാ നടപടികളും പൂർത്തീകരിക്കപ്പെടുകയുണ്ടായിയെന്നും പതിനൊന്നാം കേരള നിയമസഭയുടെ കാലത്തെ 201 ഉറപ്പുകളിലും പന്ത്രണ്ടാം കേരള നിയമസഭയുടെ കാലത്തെ 1078 ഉറപ്പുകളിലും പതിമൂന്നാം കേരള നിയമസഭയുടെ കാലത്തെ 1220 ഉറപ്പുകളിലുമായി ആകെ 2499 ഉറപ്പുകളിന്മേൽ, സർക്കാർ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും അതോടൊപ്പം 9,10,11,12,13 എന്നീ നിയമസഭകളിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ നടപടികൾ ഇനിയും പൂർത്തികരിക്കേണ്ടതുണ്ടെന്നും പ്രസ്തുത റൂളിംഗിൽ പരാമർശിക്കുന്നു.

ജനാധിപത്യത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് ഉറപ്പുകൾ കൃത്യമായി പ്രവൃത്തിപഥത്തിൽ എത്തിക്കേണ്ടത് അനിവാര്യമാണ്. ആയതിന് നിയമസഭാതലത്തിൽ നൽകുന്ന ഉറപ്പുകൾ സമയബന്ധിതമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഗവൺമെന്റ് സഭാതലത്തിൽ നൽകുന്ന ഉറപ്പുകളുടെ തുടർനടപടി കൂടുതൽ വേഗതയിലും പേപ്പർലെസായും കാര്യക്ഷമമായും നടപ്പാക്കുന്നതിനായി 2012-ൽ വെബ് അധിഷ്ഠിത സംവിധാനമായ അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക് (Assurance Implementation Desk) NIC യുടെ സാങ്കേതിക സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. വിവിധ നിയമസഭാ സമ്മേളനങ്ങളിലെ ഉറപ്പുകൾക്കുള്ള മറുപടി അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക് (AID) മുഖേന ഓൺലൈനായി നൽകണമെന്ന് സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും, മേൽ വിഷയത്തിൽ വകുപ്പുകൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക് (AID) വഴി ഉറപ്പുകൾക്കുള്ള മറുപടി ഓൺലൈനായി നിയമസഭയ്ക്ക് നൽകുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്കും, പരിശീലനത്തിനും NIC-യിൽ നിന്നുമുള്ള പ്രോഗ്രാമറുടെ സേവനം ഈ വകുപ്പിൽ ലഭ്യമാണെന്നും, പ്രസ്തുത സേവനം പരിമിതമായ കാലയളവിലേയ്ക്ക് കൂടി മാത്രമേ ലഭ്യമാകുകയുള്ളൂ എന്നറിയിച്ചിട്ടും, പല വകുപ്പുകളും ഈ പരിശീലന പരിപാടി പ്രയോജനപ്പെടുത്തുന്നതായി കാണുന്നില്ല.

മേൽ സാഹചര്യത്തിൽ വിവിധ നിയമസഭാ സമ്മേളനങ്ങളിലെ മറുപടി നൽകുവാൻ ബാക്കി നിൽക്കുന്ന എല്ലാ ഉറപ്പുകളിന്മേലും അടിയന്തര നടപടി സ്വീകരിച്ച്, നടപടി റിപ്പോർട്ട് ഓൺലൈനായി നിയമസഭയ്ക്ക് ലഭ്യമാക്കുവാനും ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിൻമേലുള്ള നടപടി അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് നിയമസഭയ്ക്ക് ലഭ്യമാക്കുവാനും സെക്രട്ടേറിയറ്റിലെ നിയമ/ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകളും കർശന നടപടി സ്വീകരിക്കേണ്ടതാണ്.

**ടി.ഒ.സൂരജ്**

സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം/ധനകാര്യം ഉൾപ്പെടെ)
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ